കേരളകൗമുദി
26 September 2017

# മട്ടുപ്പാവിൽ ഒരുക്കാം പഴത്തോട്ടം

## ■ പ്രദർശനവും ഫലവൃക്ഷത്തൈ മേളയും ഇന്ന് മുതൽ

കൊച്ചി: വീടിന്റെ മട്ടുപ്പാവിൽ മാങ്ങയും ചക്കയും പേരയ്ക്കയും നാരങ്ങയും പാഷൻ ഫ്രൂട്ടും വിളയുന്ന പഴത്തോട്ടം ഒരുക്കാൻ മോഹമുണ്ടോ. മനസുണ്ടെങ്കിൽ പിന്തുണയും സഹായവും ലഭിക്കും. എറണാകുളം കൃഷി വിജ്ഞാനകേന്ദ്രമാണ് (കെ.വി.കെ) കീടനാശിനിരഹിത പഴവർഗങ്ങളുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കാൻ പദ്ധതി നടപ്പാക്കുന്നത്.

വീടിന്റെ മട്ടുപ്പാവിൽ പഴത്തോട്ടം ഒരുക്കുന്ന രീതികൾ ജനങ്ങളെ പരിചയപ്പെടുത്തുകയും ആവശ്യമായ സാങ്കേതിക സഹായങ്ങളും ഫലവൃക്ഷത്തൈകളും ലഭ്യമാക്കുകയുമാണ് സി.എം.എഫ്.ആർ.ഐയ്ക്ക് കീഴിലെ കെ.വി.കെയുടെ പദ്ധതി.

പഴങ്ങളുടെ ഉല്പാദനത്തിലും സ്വയം പര്യാപ്തത കൈവരിക്കുന്നതിന് മട്ടുപ്പാവിലും പഴത്തോട്ടം ഒരുക്കുന്ന രീതികളാണ് കെ.വി.കെ പരിചയപ്പെടുത്തുന്നത്. ഇതിനായി സംഘടിപ്പിക്കുന്ന



മട്ടുപ്പാവിലെ ഫലവൃക്ഷങ്ങൾ

രണ്ട് ദിവസത്തെ കൃഷി സാങ്കേതികവിദ്യാ പ്രദർശനവും ഫലവൃക്ഷത്തൈ വിപണന മേളയും ഇന്ന് ഗോശ്രീ റോഡിലെ സി.എം.എഫ്.ആർ.ഐയിൽ തുടങ്ങും. മട്ടുപ്പാവിൽ ഫലവൃക്ഷങ്ങൾ വളർത്തുന്ന സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തും. ഈ രംഗത്ത് വിജയം കൈവരിച്ച ജൈവകർഷകർ കൃഷി അനുഭവങ്ങൾ പങ്കുവെയ്ക്കും. മട്ടുപ്പാവിൽ ചട്ടിയിൽ വളർത്തുന്ന ഫലവൃക്ഷങ്ങൾ പ്രദർശിപ്പിക്കും. വേഗത്തിൽ കായ്ക്കുന്നതും ഗുണമേന്മയുള്ളതുമായ ഫലവൃക്ഷങ്ങളുടെ തൈകളാണ് മേളയിലുണ്ടാകുക.

കേടാകാതിരിക്കാനും മറ്റും രാസപദാർത്ഥങ്ങൾ ചേർത്ത പഴവർഗങ്ങളുടെ ഉപയോഗം കുറയ്ക്കാനും പച്ചക്കറി കൃഷി പോലെ പഴങ്ങളുടെ ഉല്പാദനത്തിലും സ്വയം പര്യാപ്തത നേടാനുമാണ് മട്ടുപ്പാവിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നത്. വിപണിയിൽ ലഭ്യമായ പഴവർഗങ്ങൾ അന്യസംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നുമാണ് വരുന്നത്. കൂടുതൽ സമയം കേടുവരാതെ സൂക്ഷിക്കേണ്ടതിനാൽ ഇവയിൽ മാരകമായ രാസപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതായി റിപ്പോർട്ടുകളുണ്ട്.

## ■ വിളയിക്കാവുന്ന പഴങ്ങൾ

മാവ്, പ്ലാവ്, പേര, ചാമ്പ, നാരകം, നെല്ലി, ഞാവൽ, സപ്പോട്ട, മാതളം, സീതപ്പഴം, ചെറി, പാഷൻഫ്രൂട്ട്.

## ■ നല്ല പഴങ്ങൾ വീട്ടിൽത്തന്നെ

"സാദ്ധ്യമായ എല്ലാ വീടുകളുടെ മട്ടുപ്പാവിലും ഓരോ പഴത്തോട്ടം യാഥാർത്ഥ്യമാക്കുകയാണ് ലക്ഷ്യം. പോഷകസമൃദ്ധവും കീടനാശിനി രഹിതവുമായ പഴവർഗങ്ങൾ കുറഞ്ഞ സ്ഥലത്തു നിന്നുപോലും ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് ബോദ്ധ്യപ്പെടുത്തും.

ഡോ. ഷിനോജ് സുബ്രഹ്മണ്യൻ, കെ.വി.കെ മേധാവി